**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന്റെ പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് നാളിതുവരെ നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരണം.**<br><br>1.ഭവന വായ്പാ പദ്ധതികൾ (ദുർബല വിഭാഗം/ താഴ്ന്ന വരുമാന വിഭാഗം/ ഇടത്തരം വരുമാന വിഭാഗം/ ഉയർന്ന വരുമാന വിഭാഗം)<br><br>2.പുനരുദ്ധാരണ പദ്ധതി (എം.എൻ. ലക്ഷം വീട് പദ്ധതി )<br><br>3.ദുരിതാശ്വാസ പദ്ധതി (ലാത്തൂർ)<br><br>4.ചേരി നിർമ്മാർജ്ജന പദ്ധതി (ചെങ്കൽച്ചൂള)<br><br>5. സുനാമി ഭവന പദ്ധതി<br><br>6.വയനാട് പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള ഭവന പദ്ധതി<br><br>7.പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി<br><br>8.വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ<br><br>9. കമ്മേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സ് പദ്ധതികൾ<br><br>10. റവന്യൂ ടവർ പദ്ധതികൾ<br><br>11.പുനരധിവാസ പദ്ധതികൾ<br><br>12.തീരദേശ ഭവന നിർമ്മാണ പുനരധിവാസ പദ്ധതി<br><br>13.സാഫല്യം ഭവന പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 14. പാരസ്പര്യം പദ്ധതികൾ.<br><br>15.ഇന്നൊവേറ്റീവ് പദ്ധതികൾ (അത്താണി)<br><br>16. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി<br><br>**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**<br><br>1.ഗൃഹശ്രീ ഭവന പദ്ധതി - തിരിച്ചടവില്ലാത്ത നൂതന പദ്ധതി<br><br>സ്വന്തമായി 2/3 സെൻറ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല /താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന / എൻ.ജി.ഒ. /കാരുണ്യവാന്മാരായ വ്യക്തികൾ തുടങ്ങിയവരുടെ സാമ്പത്തിക സഹായത്തോടെ വീട്ടു നിർമ്മാണത്തിനുള്ള പദ്ധതി.<br><br>2.സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി<br><br>3.വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചത് (മാഥൂർ).<br><br>4.ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി<br><br>5. ആശ്വാസ് വാടക വീട് പദ്ധതി -<br><br>സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി മിതമായ വാടക നിരക്കിൽ താമസസൗകര്യം ഒരുക്കുന്ന പദ്ധതി<br><br>6.കൺസൾട്ടൻസി വിഭാഗം നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ<br><br>7.കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ആരോഗ്യ, കുടുംബക്ഷേമകാര്യ വകുപ്പിനുവേണ്ടി കിഫ്ബി ഫണ്ടു ഉപയോഗിച്ച് ബോർഡിനെ ഏൽപ്പിച്ചിരിക്കുന്ന പദ്ധതി<br><br>8.എം.എൻ. ലക്ഷം വീട് പുനർ നിർമ്മമാണ പദ്ധതി - ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതി.<br><br>9.സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതികൾ - സർക്കാർ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിനു കൈമാറുന്ന പദ്ധതി<br><br>10. പാരസ്പര്യം പദ്ധതി. |
| | | | |

| | | | |
|---|---|---|---|
| (ബി) | ഇ.എം.എസ്. ഭവന പദ്ധതിയുടെ ഉൾപ്പെടെ നോഡൽ ഏജൻസിയായി പ്രവർത്തിച്ച ഭവന നിർമ്മാണ ബോർഡിനെ ലൈഫ് ഭവന പദ്ധതിയുടെ നിർവഹണത്തിൽ നിന്നും ഒഴിവാക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കളാണ് ഭവനനിർമ്മാണം നടത്തുന്നത്. ലൈഫ് ഭവന പദ്ധതിയിൽ വ്യക്തിഗത ഭവന നിർമ്മാണത്തിനായി പ്രത്യേക ഏജൻസികളെ നിശ്ചയിച്ച് ചുമതല നൽകിയിട്ടില്ല. |
| (സി) | ഭവന നിർമ്മാണ ബോർഡ് വഴിയുള്ള പദ്ധതി നിർവഹണം കാര്യക്ഷമമല്ല എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | വിലയിരുത്തിയിട്ടില്ല. |
| (ഡി) | ഭവന നിർമ്മാണ ബോർഡിന്റെ എ ക്ലാസ് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | 30/12/2019 ലെ ഇനം .13 ആയുള്ള ബോർഡ് തീരുമാന പ്രകാരം ബോർഡിന് ലഭ്യമായ PWD ' A ' Class Contractors License പുതുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ